LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്ടിലെ നീന്തൽകുളം നിർമ്മാണം

333 (344) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കട്ടനാട്ടിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽ പരിശീലനം ലഭ്യമാക്കുന്നതിനായി സ്കൈൽ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി നീന്തൽകുളം നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കട്ടനാട്ടിൽ സ്കൈൽ പദ്ധതിയിലുൾപ്പെടുത്തി നീന്തൽകുളം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. തോമസ് ചാണ്ടി എം.എൽ.എ മുഖേന ലഭിച്ച ആലപ്പുഴ അക്വാട്ടിക് അസോസിയേഷന്റെ അപേക്ഷ പരിശോധിച്ച് സംസ്ഥാനതല സമിതിയിൽ സമർപ്പിക്കാൻ കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി ബസുകളിലെ മിനിമം ചാർജ്

334 (345) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ കെ.എസ്.ആർ.ടി.സി ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) 2005 മേയ് മാസത്തിൽ കെ.എസ്.ആർ.ടി.സിയുടെ മിനിമം ചാർജ് എത്രയായിരുന്നു ; ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ്, ഡീലക്സ് എന്നിവയുടെ മിനിമം ചാർജ് പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) 2011 മേയ് മാസത്തിലെ മേൽ വിഭാഗം ബസുകളുടെ മിനിമം ചാർജ് എത്രയായിരുന്നു; ഇപ്പോഴത്തെ മിനിമം ചാർജ് എത്ര വീതമാണ് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 3 തവണ 8-8-2011, 11-11-2012, 20-5-2014